Kudumbashree
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

**4261/L/2008/KSHO** **09/01/2018**

പ്രേഷക
ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ, തിരുവനന്തപുരം

സ്വീകർത്താവ്
ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
തൃശ്ശൂർ, കോഴിക്കോട് കുടുംബശ്രീ

സർ,

വിഷയം :- കുടുംബശ്രീ -ജെൻഡർ സംസ്ഥാനതല ക്യാമ്പയ്ൻ പരിശീലനം - സംബന്ധിച്ച്

ജെൻഡർ ക്യാമ്പയിന്റെ ഭാഗമായി നടത്തുന്ന സംസ്ഥാന തല പരിശീലനം മൂന്ന് റീജിയനുകളിലായി 11/01/18 ന് ബുധനാഴ്ച തിരുവന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ വച്ച് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകൾ തിരുവനന്തപുരം റീജിയണിലും, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ തൃശ്ശൂർ റീജിയണിലും ബാക്കി ജില്ലകൾ കോഴിക്കോട് റീജിയണിൽ വച്ചുമാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. തൃശ്ശൂർ, കോഴിക്കോട് റീജിയണുകളുടെ പരിശീലനം ജില്ലാമിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടത്. പരിശീലനത്തിനാവശ്യമായ ക്രമീകരണങ്ങൾ (ഹാൾ, ലാപ്പ് ടോപ്പ് / പ്രൊജക്ടർ, ബുക്ക്, പേന, ഭക്ഷണം മുതലായവ) ജില്ലാമിഷൻ ക്രമീകരിക്കേണ്ടതാണ്. പ്രസ്തുത പരിശീലനവുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള പദ്ധതി വിഹിതത്തിലെ ജി എസ്സ് എൽ പി ഇനിഷ്യേറ്റീവ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്. പരിപാടി പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് സാമ്പത്തിക വിശകലനം സഹിതം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org